**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 924** **10-06-2021 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | 2020-21 അധ്യയന വർഷത്തിൽ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് കോവിഡ് പ്രതിസന്ധി മൂലം തസ്തിക നിർണ്ണയം നടക്കാത്ത സാഹചര്യത്തിൽ നിയമനാംഗീകാരം ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2020-21 വർഷം സ്കൂളുകൾ തുറക്കുകയോ, റഗുലർ ക്ലാസ്സുകൾ ആരംഭിക്കുകയോ ഉണ്ടായിട്ടില്ല. ആയതിനാലാണ് 2020-21 ലെ അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കാൻ കഴിയാത്തത്. കൂടാതെ 22/01/2021 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.28/2021/പൊ.വി.വ ഉത്തരവ് പ്രകാരം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഏർപ്പടുത്തിയിരുന്ന നിയന്ത്രണങ്ങൾ മൂലം സംസ്ഥാനത്തെ സ്കൂളുകൾ 2020-21 അധ്യയന വർഷം തുറക്കാത്ത സാഹചര്യത്തിൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2020-21 വർഷത്തേക്ക് കൂടി ബാധകമാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ 2020-21 വർഷം ഉണ്ടായ അനദ്ധ്യാപകരുടെയും, പ്രഥമാദ്ധ്യാപകരുടെയും ഒഴികെയുള്ള അദ്ധ്യാപക ഒഴിവുകൾ നികത്താതെ ഇടരേണ്ടതാണ് എന്നും ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇവർക്ക് അടിയന്തരമായി നിയമനാംഗീകാരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ? | (ബി) | 2020-21 വർഷം സ്കൂളുകൾ തുറക്കുകയോ, റഗുലർ ക്ലാസ്സുകൾ ആരംഭിക്കുകയോ ഉണ്ടായിട്ടില്ല. ആയതിനാലാണ് 2020-21 ലെ അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കാൻ കഴിയാത്തത്. കൂടാതെ 22/01/2021 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.28/2021/പൊ.വി.വ ഉത്തരവ് പ്രകാരം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഏർപ്പടുത്തിയിരുന്ന നിയന്ത്രണങ്ങൾ മൂലം സംസ്ഥാനത്തെ സ്കൂളുകൾ 2020-21 അധ്യയന വർഷം തുറക്കാത്ത സാഹചര്യത്തിൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2020-21 വർഷത്തേക്ക് കൂടി ബാധകമാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ 2020-21 വർഷം ഉണ്ടായ അനദ്ധ്യാപകരുടെയും, പ്രഥമാദ്ധ്യാപകരുടെയും ഒഴികെയുള്ള അദ്ധ്യാപക ഒഴിവുകൾ |

| | | | |
|---|---|---|---|
| | | | നികത്താതെ തുടരേണ്ടതാണ് എന്നും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ